# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2368** **08.12.2015- ൽ മറുപടിക്ക്**

## റിബേറ്റ് കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ദാസൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) പ്രൈമറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ വലിയ തുക നൽകാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു കാരണം പ്രസ്തുത മേഖലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എത്ര രൂപയാണ് റിബേറ്റ് ഇനത്തിൽ നൽകാനുള്ളത്; ഇത് അടിയന്തരമായി സംഘങ്ങൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) ഉണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽപ്പെട്ട പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ്, ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി താഴെ പറയും പ്രകാരം 15,42,87,942/- രൂപ നൽകുവാനുണ്ട്. |

(തുക രൂപയിൽ)

| | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|
| ഹാന്റക്സ് | പൂർണ്ണമായും അനുവദിച്ചു നൽകി | 94,75,697 | 3,09,89,464 | 4,04,65,161 |
| ഹാൻവീവ് | പൂർണ്ണമായും അനുവദിച്ചു നൽകി | 43,47,362 | അപേക്ഷ ലഭിച്ചിട്ടില്ല | 43,47,362 |
| പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ | 4,76,40,136 | 4,44,35,283 | 1,74,00,000 | 10,94,75,419 |
| ആകെ | 4,76,40,136 | 5,82,58,342 | 4,83,89,464 | 15,42,87,942 |

2015-16 സാമ്പത്തിക വർഷം 4.84 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. എന്നാൽ റിബേറ്റിനത്തിൽ നൽകുവാനുള്ള കുടിശ്ശിക തുക മുഴുവനും നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ വർഷം 10.16 കോടി രൂപ ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭ്യമാക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(സി) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശിക യുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി കൈത്തറി സംഘത്തിന് 2015 വരെ 11.88 ലക്ഷം രൂപയും തിക്കൊടി കൈത്തറി സംഘത്തിന് 2015 വരെ 11 ലക്ഷം രൂപയും റിബേറ്റ് കുടിശ്ശികയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**